ഉത്തരം

(എ ആന്റ് ബി) ആവശ്യമായ മുഴുവൻ തുക നൽകിയിട്ടും വിദ്യാർത്ഥികളും സ്ഥാപനമേധാവികളും അപേക്ഷകൾ കുറ്റമറ്റ രീതിയിൽ യഥാസമയം നൽകാത്തതു മൂലവും സ്ഥാപനത്തിൽ നിന്നും റിന്യൂവൽ സ്റ്റേറ്റ്മെന്റ് യഥാസമയം ലഭിക്കാത്തതി നാലും കാലതാമസം നേരിടുന്നുണ്ട്. മുൻവർഷങ്ങളിലെ അപേക്ഷയുടെ പരിശോധന യിൽ അപാകതയില്ലായെന്നു കണ്ടെത്തിയ മുഴുവൻ അപേക്ഷയിൻമേലും തീരുമാനമെ ടുക്കുകയും ആനുകൂല്യം നൽകുകയും ചെയ്തിട്ടുണ്ട്. നടപ്പുവർഷം റിന്യൂവൽ സ്റ്റേറ്റ്മെന്റ് നൽകാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലംപ്സംഗ്രാന്റ് നൽകുന്നതിൽ കാലതാമസം വന്നിട്ടുണ്ട്. ഒ.ഇ.സി. കുട്ടികൾക്ക് മുഴുവൻ ലംപ്സംഗ്രാന്റ് നൽകാനുള്ള തുക അനുവദിച്ചുകിട്ടിയിട്ടില്ല.

ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ നവീകരണം

120 [2856] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ നവീകരണത്തിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) 2003-04 ബജറ്റിൽ എന്ത് തുകയാണ് ഇതിനുവേണ്ടി വകകൊള്ളി ച്ചിരുന്നത്; പ്രസ്തുത തുക വക മാറ്റി ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2004-05 സാമ്പത്തിക വർഷത്തിൽ ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ നവീകരണത്തിന് ആധുനിക യന്ത്രങ്ങൾ വാങ്ങാൻ 292.1 ലക്ഷം രൂപയുടെ പദ്ധതി പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിരുന്നു.

(ബി) 2003-04 ബജറ്റിൽ തുക വകകൊള്ളിച്ചിട്ടില്ല.

അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്

121 [2857] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കുന്നതിനുള്ള ശുപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) 7-6-2000-ത്തിലെ ജി. ഒ. (ആർ.ടി) നം. 833/2000/ഹയർ എഡ്യൂ. പ്രകാരം അച്ചടി വകുപ്പിൽ സാങ്കേതിക വിഭാഗത്തിലെ എല്ലാ എൻട്രി പോസ്റ്റുകളുടെയും അടിസ്ഥാന യോഗ്യതകളിൽ ഒന്നായി പ്രിന്റിംഗ് ടെക്നോളജി ഡിപ്ലോമ നിർദ്ദേശിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ടോ;

(ഡി) എങ്കിൽ അപ്രകാരം ഒരു ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യത്തിൽ തൊഴിലാളി സംഘടനകളുമായുള്ള ചർച്ച നടന്നു.

(സി) ഇല്ല.

(ഡി) ബാധകമല്ല.

അച്ചടി വകുപ്പിലെ ഔട്ട്ടേൺ സമ്പ്രദായം സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ട്

122 [2858] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിലെ ഔട്ട്ടേൺ സമ്പ്രദായം പുതുക്കുവാൻ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് രൂപീകരിച്ചത്; ആരെല്ലാമാണ് ഈ കമ്മിറ്റിയിലെ അംഗങ്ങൾ എന്നും കമ്മിറ്റിക്ക് കാലാവധി നിശ്ചയിച്ചിരുന്നോ എന്നും കാലാവധി എത്ര നാളെന്നും വിശദമാക്കാമോ;

(ബി) ഈ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ റിപ്പോർട്ട് എന്ന് സമർപ്പിക്കുവാൻ കഴിയും എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 20-7-2002-ലെ അച്ചടി വകുപ്പ് ഡയറക്ടറുടെ ഉത്തരവു പ്രകാര മാണ് കമ്മിറ്റി രൂപീകരിച്ചത്. ശ്രീ. ബി. രഘുനാഥ്, ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ചെയർമാൻ, ശ്രീ. കെ. കെ. ശശിധരൻ, ഡെപ്യൂട്ടി സൂപ്രണ്ട് ഗവൺമെന്റ് പ്രസ്സ് എറണാകുളം, ശ്രീ. പി. രാജശേഖരൻ നായർ, അസിസ്റ്റന്റ് എക്സി. എൻജിനീയർ, ജി.സി.പി, ശ്രീ. എസ്. ബഷീർകുഞ്ഞ്, അസിസ്റ്റന്റ് സൂപ്രണ്ട്, ജി. സി. പി. എന്നിവർ മെമ്പർമാരും ശ്രീ. എം. ശേഖരൻ കുട്ടി, ഹെഡ് കമ്പ്യൂട്ടർ ജി.സി.പി. മെമ്പർ സെക്രട്ടറിയുമാണ്. ഇതിനാവശ്യമായ സാങ്കേതിക വിവരങ്ങൾ ശേഖരിച്ചു നൽകാൻ കമ്പ്യൂട്ടിംഗ് സൂപ്പർവൈസർ ശ്രീ. ജോർജ് തോമസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly